## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5355** **05-07-2024 - ൽ മറുപടിയ്ക്ക്**

## ഉപരിപഠനത്തിനായി വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു നിന്നും ഉപരിപഠനത്തിനായി വിദേശത്തേക്ക് വിദ്യാർത്ഥികൾ പോകുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ, പ്രൊഫ.ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി), അദ്ധ്യക്ഷനായ ഒരു സമിതി "Committee on Student Mobility and Expectations" രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഗോപിനാഥ് രവീന്ദ്രൻ കമ്മിറ്റിയുടെ അന്തിമറിപ്പോർട്ട് വരുന്ന മുറയ്ക്ക് വിശദമായ പരിശോധന നടത്താവുന്നതാണ്. കൂടാതെ സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും പ്രത്യേക നിയമ നിർമ്മാണം നടത്തുന്നതിനും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജിഗോപിനാഥ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 3 അംഗ വിദഗ്ധസമിതി രൂപീകരിച്ചിരുന്നു. വിദഗ്ധ സമിതിയുടെ റിപ്പോർട്ടും നിയമനിർമ്മാണത്തിന്റെ ഡ്രാഫ്റ്റും സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | സംസ്ഥാനത്തിലേക്ക് പഠനത്തിനായി വിദേശ വിദ്യാർത്ഥികളെ ഉൾപ്പെടെ ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തിലേക്ക് പഠനത്തിനായി വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് ആവിഷ്കരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സ്റ്റഡി ഇൻ കേരള പദ്ധതി.<br>2. ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായ FYUGP കരിക്കുലം ബിരുദതലത്തിൽ നടപ്പിലാക്കി.<br>3. സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ കോഴ്സുകൾ ആരംഭിച്ചു.<br>4.സർവ്വകലാശാലകളുടെ ആധുനികവൽക്കരണവും ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർവഹണവും സാധ്യമാക്കുന്നതിന് K-REAP ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>5. നാല് വർഷ ഓണേഴ്സ് ബിരുദക്കാർക്ക് ഒരു വർഷം |

| | | | |
|---|---|---|---|
| | | | കൊണ്ട് പി.ജി, നേരിട്ട് Ph.D. ഗവേഷണം, UGC NET പരീക്ഷ എന്നീ സൗകര്യങ്ങൾ ലഭ്യമാകും.<br>6. നൈപുണ്യ കോഴ്സുകൾ (skill courses) Internship, apprenticeship/project എന്നീ ഘടകങ്ങൾ ബിരുദതല വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായി മാറുന്നു.<br>7. സർവ്വകലാശാലകളിലെ ഗവേഷണ പ്രോൽസാഹനത്തിന് സെൻറർ ഓഫ് എക്സലൻസ് (CoE) -ഉം ട്രാൻസിലേഷണൽ റിസർച്ച് സെൻറർ (TRC) -ഉം ആരംഭിച്ചു.<br>8. ഗവേഷണ പ്രോത്സാഹനത്തിന് മുഖ്യമന്ത്രിയുടെ നവകേരള PDF -കൾ.<br><br>എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവകലാശാല കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട്, 2024 - 25 അക്കാദമിക വർഷം ബി.ടെക് പാഠ്യപദ്ധതിയും സിലബസും പരിഷ്കരണം നടത്തിയിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഈ വർഷം ജൂലൈ അവസാനത്തിലും ആഗസ്റ്റ് ആദ്യവാരത്തിലും Industry Academia Government Conclave നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനെ തുടർന്ന് Redefining Engineering Education workshop-കൾ സംസ്ഥാനത്ത് ഉടനീളം പല തട്ടുകളിലായി സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. അതിലൂടെ എൻജിനീയറിങ് വിദ്യാഭ്യാസമേഖലയിൽ സമ്പൂർണ്ണ പരിഷ്കരണവും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ